**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2876** **13-02-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ റബ്ബർ പ്രോസസിംഗ് സൊസൈറ്റികൾ ശക്തിപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ റബ്ബർ പ്രോസസിംഗ് സൊസൈറ്റികൾ ശക്തിപ്പെടുത്തുന്നതിനും ഇടനിലക്കാരില്ലാതെ റബ്ബർ കർഷകർക്ക് ലാറ്റക്സും റബ്ബർ ഷീറ്റും ഉയർന്ന വിലക്ക് വിൽക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (എ) | റബ്ബർ പ്രോസ്സസിംഗ് സൊസൈറ്റികൾ ഉൾപ്പടെ സംസ്ഥാനത്തെ സഹകരണ സംഘങ്ങളെ പ്രൊജക്റ്റിന്റെ അടിസ്ഥാനത്തിൽ ശക്തിപ്പെടുത്തുന്നതിനു സഹകരണവകുപ്പിന്റെ വാർഷിക പദ്ധതിയിൽ സ്കീമുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ റബ്ബർ പ്രോസ്സസിംഗ് സൊസൈറ്റികൾ ഉൾപ്പടെ സംസ്ഥാനത്തെ പല മാർക്കറ്റിംഗ് &പ്രോസ്സസിംഗ് സംഘങ്ങളും വൻ ബാധ്യതയിലും ഭീമമായ നഷ്ടത്തിലും പ്രവർത്തിക്കുന്നതിനാൽ ഓരോ സംഘത്തിന്റെയും പ്രത്യേക സാഹചര്യം പരിഗണിച്ചും റബ്ബർ കർഷകർ ഉൾപ്പടെ സംഘവുമായി ബന്ധപ്പെട്ട ഇടപാടുകാരുടെ ഉന്നമനം ലക്ഷ്യമാക്കിയും ടി സംഘങ്ങൾ ശക്തിപ്പെടുത്തുന്നതിന് പ്രൊപ്പോസൽ തയ്യാറാക്കി തുടർ നടപടി സ്വീകരിക്കുന്നതിന്റെ മുന്നോടിയായി സംസ്ഥാനത്തെ എല്ലാ മാർക്കറ്റിംഗ് &പ്രോസ്സസിംഗ് സഹകരണ സംഘങ്ങളുടെയും വിശദ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുകയാണ്. |

സെക്ഷൻ ഓഫീസർ